4

## വിഭാഗരഹിത ക്രിസ്ത്യാനിത്വം-

# അതെങ്ങനെ സാധ്യമാകും?

യേശു ഭൂമിയിൽ നിന്നുയിർത്തെഴുന്നേറ്റശേഷം, പ്രഭുവും രക്ഷിതാവുമായി പിതാവിന്റെ വലത്തുഭാഗത്തിരിക്കുന്നതിനുമുൻപു, അവൻ തന്റെ ശിഷ്യന്മാരോടു പറഞ്ഞു, "നിങ്ങളോ ഉയരത്തിൽ നിന്നു ശക്തി ലഭിക്കുവോളം നഗരത്തിൽ പാർപ്പിൻ" (ലൂക്കൊസ് 24:49). താൻ മരിക്കുന്നതിനുമുൻപു യേശു അപ്പൊസ്തലന്മാരെ സകല സത്യത്തിലും നയിക്കേണ്ടതിനു പരിശുദ്ധാത്മാവിനെ അയക്കും എന്നു വാഗ്ദാനം ചെയ്തിരുന്നു. വീണ്ടും, അവൻ "അവരുമായി കൂടിയിരിക്കുമ്പോൾ അവരോടു നിങ്ങൾ യെരുശലേമിൽ നിന്നു വാങ്ങിപോകാതെ എന്നോടു കേട്ട പിതാവിന്റെ വാഗ്ദാനത്തിനായി കാത്തിരിക്കേണം; യോഹന്നാൻ വെള്ളം കൊണ്ടു സ്നാനം കഴിപ്പിച്ചു, നിങ്ങൾക്കോ ഇനി ഏറെ നാൾ കഴിയും മുമ്പെ, പരിശുദ്ധാത്മാവു കൊണ്ടു സ്നാനം ലഭിക്കും എന്നു കല്പിച്ചു" (പ്രവൃത്തികൾ 1:4, 5).

ഈ കല്പന അവർക്കു കൊടുത്തശേഷം, യേശു അവരിൽ നിന്നും വിട്ടു പോയി. "ഒരു മേഘം അവനെ മൂടീട്ടു, അവൻ അവരുടെ കാഴ്ച്ചക്കു മറഞ്ഞു" (പ്രവൃത്തികൾ 1:9). "പിന്നെ അവർ യെരുശലേ മ ി േ ല ക്ക ു മടങ്ങിപോന്നു" (പ്രവൃത്തികൾ 1:12). നാം പ്രവൃത്തികൾ 2-ൽ വായിക്കുന്നു,

> ... പെന്തെക്കൊസ്തു നാൾ വന്നപ്പോൾ എല്ലാവരും ഒരു സ്ഥലത്തു ഒന്നിച്ചു കൂടിയിരുന്നു. പെട്ടെന്നു കൊടിയ കാറ്റടിക്കുന്നതുപോലെ ആകാശത്തു നിന്നു ഒരു മുഴക്കം ഉണ്ടായി, അവർ ഇരുന്നിരുന്ന വീടു മുഴുവനും നിറെച്ചു അഗ്നിജ്വാല പോലെ പിളർന്നിരിക്കുന്ന നാവുകൾ അവർക്കു പ്രത്യക്ഷമായി; അവരിൽ ഓരോരുത്തന്റെ മേൽ പതിഞ്ഞു. എല്ലാവരും പരിശുദ്ധാത്മാവു നിറഞ്ഞവരായി, ആത്മാവു അവർക്കു ഉച്ചരിപ്പാൻ നല്കിയതുപോലെ അന്യഭാഷകളിൽ സംസാരിച്ചു തുടങ്ങി (വാക്യങ്ങൾ 1-4; കൂടാതെ പ്രവൃത്തികൾ 1:9-12).

ഉയരത്തിൽ നിന്നു നിങ്ങൾക്കു ശക്തി ലഭിക്കും എന്ന രക്ഷകന്റെ വാഗ്ദാനം നിറവേറിയതു രേഖപ്പെടുത്തിയിരിക്കയാണ്. ബുദ്ധിയുള്ള ഏതൊരു ബൈബിൾ വിദ്യാർത്ഥിയും ഈ സത്യം നിഷേധിക്കയില്ല. പരിശുദ്ധാത്മാവു അവരുടെ മേൽ വന്നു ഉച്ചരിപ്പാൻ സഹായിക്കുന്നതുവരെ, അവൻ അപ്പൊസ്തലന്മാരെ ആത്മാക്കളെ രക്ഷിപ്പാൻ ലോകത്തിലേക്കു അയച്ചില്ല. പരിശുദ്ധാത്മാവിന്റെ ശക്തി ലഭിച്ചശേഷം അവർ ചെയ്തതെല്ലാം പരിശുദ്ധാത്മാവിന്റെ പ്രവൃത്തികൾ ആണെന്ന് നമുക്ക് തീർച്ചയാക്കാം. അവൻ എന്തു ചെയ്യുവാൻ ലോകത്തിലേക്കു വന്നുവോ, അതു ചെയ്തു എന്ന കാര്യത്തിൽ, ഒരു സംശയവുമില്ല, അതു അവരെ സകല സത്യത്തിലും വഴി നടത്തുക എന്നതായിരുന്നു. തീർച്ചയായും ഉപദേഷ്ടാക്കന്മാർ എന്ന നിലയിൽ, അവരുടെ പ്രവൃത്തി, അതിനുശേഷം, നടന്നതെല്ലാം പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയായിരുന്നു. അവരെ പിൻപറ്റുക എന്നാൽ പരിശുദ്ധാത്മാവിനെ പിൻപറ്റുക എന്നാണ്.

ഉയരത്തിൽ നിന്നു ശക്തി ലഭിച്ച അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾക്കു വിരുദ്ധമായിട്ടാണ് ഒരാളുടെ പ്രവൃത്തിയെങ്കിൽ അതു പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ടതാണ് എന്നു പറയുവാൻ സാധ്യമല്ല. മറ്റൊരുവാക്കിൽ പറഞ്ഞാൽ, ഒരു മതപരമായ വ്യക്തിയിൽ കാണുന്ന ജീവിത പരിശീലനം പരിശുദ്ധാത്മാവിന്റെ ശക്തി ധരിച്ചതായ അപ്പൊസ്തലന്മാരുടെ പരിശീലനവുമായി യോജിച്ചിരിക്കണം എന്നർത്ഥം. പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ടവരെ വിശ്വസ്തമായി പിൻപറ്റുന്നവർ നാമധേയ വിഭാഗത്തിൽ നിന്നു സ്വതന്ത്രരായിരിക്കും; അയാൾ ഒരു നാമധേയവിഭാഗത്തിലും പെടാതെ, വെറും ക്രിസ്ത്യാനിയായി, കർത്താവിന്റെ ശിഷ്യനായി അറിയപ്പെടും. അങ്ങനെ എല്ലാവരും ആ ഉപദേഷ്ടാക്കന്മാരെ നയിച്ചവരെ പിൻപറ്റി, അതേ സഭയിൽ അംഗങ്ങളായി, അവർ ദൈവത്തിന്റെ സഭയിൽ അംഗങ്ങളായി തീരും. ആ ശക്തിയാൽ നയിക്കപ്പെട്ടവരെ പിൻപറ്റിയവർ അംഗങ്ങളായി തീർന്നതുപോലെ ഇന്നു നാമും ദൈവത്തിന്റെ സഭയിൽ അംഗമായി തീരുന്നു. അതായതു, അവർ സഭയോടു "ചേരുകയായിരുന്നില്ല," പിന്നെയോ, അവർ "രക്ഷിക്ക[പ്പെടുന്നവർ]" ആയതുകൊണ്ട് ദൈവം അവരെ തന്റെ രക്ഷിക്കപ്പെട്ടവരോടുകൂടെ ചേർത്തുകൊണ്ടിരുന്നു. അങ്ങനെ രക്ഷിക്കപ്പെട്ടവരാണ് സഭയായി തീരുന്നത്. തീർച്ചയായും, പരിശുദ്ധാത്മാവിനെ വിശ്വസ്തതയോടെ അനുഗമിക്കുന്നവരെല്ലാം രക്ഷിക്കപ്പെടുമെന്നും അല്ലെങ്കിൽ യെരുശലേമിൽ പരിശുദ്ധാത്മാവിനെ പിൻതുടർന്നവരോട് അന്നു ദൈവം ദയവു കാണിച്ചതുപോലെ ഇന്നും ദയവു കാണിക്കും എന്നതു ആരും ചോദ്യം ചെയ്യുകയില്ല. ഈ ആശയങ്ങൾ സത്യമായി സ്വീകരിച്ചാൽ, അങ്ങനെയുള്ള എല്ലാവരും രക്ഷിക്കപ്പെടുകയും, കർത്താവിനാൽ, അവന്റെ സഭയോടു ചേർക്കപ്പെടുകയും ചെയ്യും എന്നു നമുക്ക് മനസ്സിലാകും.

ഈ ഉപദേശത്തെ തെറ്റിദ്ധരിക്കാതെ നല്ല മനസ്സോടെ സ്വീകരിക്കണമെന്നപേക്ഷിക്കുന്നു. ഒരാൾ പരിശുദ്ധാത്മാവിനാൽ രക്ഷയിലേക്കു

നയിക്കപ്പെട്ട്, ദൈവത്തിന്റെ സഭയിലേക്കു "ചേരുവാനും," പിന്നെ നാമധേയ വിഭാഗത്തിലേക്കു പോകുവാനും സാധ്യതയുണ്ട്, നാമധേയവിഭാഗത്തോടു, "ബന്ധ" പ്പെടാറുണ്ട്. അങ്ങനെ ചെയ്യുന്ന ആൾ നാമധേയ ക്രിസ്ത്യാനിയായിത്തീരുന്നു; കാരണം അവൻ രക്ഷിക്കപ്പെട്ടപ്പോൾ കർത്താവിന്റെ സഭയോടു ചേർക്കപ്പെട്ടു എന്നാൽ, പിന്നീടു അയാൾ, സഭ എന്നു വിളിക്കപ്പെട്ട മനുഷ്യനിർമ്മിതസ്ഥാപനത്തിലേക്കു ചേർന്നു. ഉത്തമ ഹൃദയം ഉള്ളവർക്കും ഇങ്ങനെ സംഭവിച്ചേക്കാം. എങ്ങനെയായാലും, ഒരാൾ നാമധേയ വിഭാഗത്തിൽ അംഗമാകുവാൻ ആവശ്യമായ ഓരോ പടിയും ചെയ്യുമ്പോൾ അതു പരിശുദ്ധാത്മാവിന്റെ ഉപദേശത്തെ മറി കടക്കുന്നതും, അവന്റെ അപേക്ഷകൾക്കു തന്നെ ഘടക വിരുദ്ധവുമാണ്.

പുതിയ നിയമത്തിലെ ഓരോ സഭയുടെയും ഓരോ ക്രിസ്ത്യാനിയുടെയും മാതൃകയ്ക്ക് എതിരാണ് നാമധേയ വിഭാഗീയത്വം. ഒരു ക്രിസ്ത്യാനിയെ പോലും പുതിയ നിയമത്തിലെങ്ങും ദൈവശ്വാസിയരായ അപ്പൊസ്തലന്മാരാലും പ്രവാചകന്മാരാലും നാമധേയവിഭാഗത്തിൽ ചേരാൻ പ്രേരിപ്പിച്ചില്ല. ക്രിസ്ത്യാനിയാകുന്നതിനേക്കാൾ അധികമാകുന്നത് - കർത്താവിന്റെ ശിഷ്യനാകുന്നതിനേക്കാൾ, അവന്റെ വിശുദ്ധ സഭയിലെ അംഗമാകുന്നതിനേക്കാൾ - അധികമാകുന്നതു ദൈവം തന്റെ സ്വന്തം ആത്മാവിനാൽ നടത്തിയവരുടെ ഉപദേശങ്ങൾക്കും മാതൃകക്കും എതിരാകുന്നതാണ്.

ദൈവം അതിനെതിരെ മുന്നറിയിച്ചിട്ടും, ഒരാൾ അത്തരം ഉത്തരവാദിത്വം എടുത്തു പോകുകയാണെങ്കിൽ, അത് അയാളുടെ കാര്യമാണ്; പക്ഷെ എന്റെ കാര്യം കർത്താവിന്റെ വാതിൽക്കൽ ഉള്ള ഉത്തരവാദിത്വം ചെയ്യുന്നതാണ്. ഞാൻ അതു അവിടെ വിടുന്നു. പുതിയ നിയമ കാലയളവിൽ ആളുകൾ ക്രിസ്ത്യാനികൾ മാത്രമായിരുന്നതു പോലെ ഇന്നും ആകുന്നതു എളുപ്പമാണ്; അങ്ങനെ അല്ലാതിരിക്കുന്നവർ ഒന്നുകിൽ അതിനു മനസ്സില്ലാത്തവർ അല്ലെങ്കിൽ ക്രിസ്തുവിന്റെ പരിജ്ഞാനം ലഭിക്കാത്തവരാണ്.

അപ്പൊസ്തലന്മാരിൽ പരിശുദ്ധാത്മാവു പകർന്നയുടനെ, ഒരു വലിയ ഇടവക കൂടി വരുവാൻ തുടങ്ങി. പത്രൊസ് - അല്ലെങ്കിൽ, പരിശുദ്ധാത്മാവു, പത്രൊസിനെ ഒരു ഉപകരണം ആയി ഉപയോഗിച്ചു - അവസരം നിർത്തി പ്രസംഗിക്കുവാൻ തുടങ്ങി. യേശു അപ്പൊസ്തലന്മാരോടു ശക്തിലഭിക്കുവോളം യെരുശലേമിൽ നിന്നു "വാങ്ങിപ്പോകരുത്" അല്ലെങ്കിൽ "കാത്തിരിക്കുവാൻ," പറഞ്ഞു. പിന്നെ അവർ സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിച്ചു. അവർ പോകുകയും, കാത്തിരിക്കുകയും, ചെയ്തതുകൊണ്ടു പരിശുദ്ധാത്മാവു അവരിൽ വന്നു; അങ്ങനെ ആയിരുന്നു അവരെ പ്രസംഗത്തിനു തയ്യാറാക്കിയത്.

പത്രൊസ് ഒരു നാമധേയ ക്രിസ്ത്യാനിയോ, അല്ലെങ്കിൽ ശിഷ്യനോ ആയിരുന്നില്ല. വിഭാഗരഹിത ഉപദേഷ്ടാവും പ്രാസംഗികനുമായതു കൊണ്ടു, അവൻ ഒരു വിഭാഗത്തെയും പ്രതിനിധീകരിച്ചില്ല; കർത്താവു താൻ രക്ഷിക്കപ്പെട്ടവരെ ചേർത്ത സഭയിലെ ഒരംഗമായിരുന്നു അവനും.

തീർച്ചയായും, അപ്പോൾ, അവന്റെ പ്രവൃത്തി വിഭാഗീയമല്ലാത്തപോലെ യായിരുന്നു. അതിനാൽ, ഒരു വിഭാഗത്തെയും ഉണ്ടാക്കിയില്ല. ദൂരസ്ഥല ങ്ങളിൽ നിന്നു കർത്താവിന്റെ പിതാവായ ദൈവത്തെ ആരാധിക്കു വാൻ വന്നവരായിരുന്നു അവന്റെ സദസ്യർ. അവർ ദൈവഭക്തരായ യെഹൂദന്മാരായിരുന്നു, അവരുടെ ജീവിതം മതപരമായിരുന്നു, അവർ ദൈവപുത്രനായ യേശുവിൽ വിശ്വസിച്ചവരായിരുന്നില്ല. അവരുടെ ഹൃദ യങ്ങളിൽ ആ വിശ്വാസവുമായിട്ടാണ്, അവർ അവിടെ വന്നതു; അതി നാൽ പത്രൊസ് അവരോടു യേശു ദൈവപുത്രനായിരുന്നു, ക്രിസ്തു വായിരുന്നു എന്നാണ് പ്രസംഗിച്ചത്. ആ പെന്തെക്കൊസ്തു നാളിനു അമ്പതു ദിവസം മുൻപു, ഒരു വഞ്ചകന്റെ മരണത്തിനു വേണ്ടി, ദൈവ പുത്രന്റെ രക്തത്തിനായി വിരൽ ചൂണ്ടിയ യെഹൂദന്മാരായിരുന്നു അവർ. പത്രൊസിനു നല്ല ഒരു സദസ്സാണ് കിട്ടിയത് - ലൗകിക - മന സ്സുള്ളവരായിരുന്നില്ല, അവിശ്വാസികൾ ആയിരുന്നില്ല, എബ്രായ മക്ക ളെപ്പോലെ, ദാനിയേലിനെ പോലെ, ദൈവ സേവനത്തിനായി മരിക്കു വാൻ തയ്യാറായവരായിരുന്നു. അവർ പ്രാർത്ഥിക്കുന്ന, എരിവുള്ള, ഭക്തി യുള്ള ആളുകൾ - തീർച്ചയായും ആ സമയത്തിനു പറ്റിയ നല്ല സദ സ്സായിരുന്നു.

ആദ്യം, പത്രൊസ് അവരുടെ ചില ദുരഭിമാനത്തെയും, അക്കാ ലത്തു യെരുശലേമിൽ നടന്ന അത്ഭുതങ്ങളിൽ അവർക്കുണ്ടായ തെറ്റു കളും ദൂരീകരിച്ചു. അവൻ അതു ചെയ്തതു അവരുടെ ബൈബിൾ ആയ, പഴയനിയമം ഉദ്ധരിച്ചുകൊണ്ടാണ്. പിന്നെ അവൻ അവന്റെ വാസ്തവത്തിലുള്ള പ്രസംഗം ആരംഭിച്ചു:

> യിസ്രായേൽ പുരുഷന്മാരേ, ഈ വചനം കേട്ടുകൊൾവിൻ: നിങ്ങൾ തന്നേ അറിയും പോലെ; ദൈവം അവനെക്കൊണ്ടു നിങ്ങളുടെ നടു വിൽ ചെയ്യിച്ച ശക്തികളും, അത്ഭുതങ്ങളും അടയാളങ്ങളും കൊണ്ടു ദൈവം നിങ്ങൾക്കു കാണിച്ചു തന്ന പുരുഷനായി നസറാ യനായ യേശുവിനെ ദൈവം തന്റെ സ്ഥിരനിർണ്ണയത്താലും മുന്നറി വിനാലും ഏല്പിച്ചിട്ടു നിങ്ങൾ അവനെ അധർമ്മികളുടെ കയ്യാൽ തറെപ്പിച്ചു കൊന്നു. ദൈവമോ മരണപാശങ്ങളെ അഴിച്ചിട്ടു അവനെ ഉയിർത്തെഴുന്നേല്പിച്ചു: മരണം അവനെ പിടിച്ചുവെക്കുന്നതു അസാധ്യമായിരുന്നു (പ്രവൃത്തികൾ 2:22–24).

ഈ ചുരുങ്ങിയ പ്രസംഗത്തിൽ, പരിശുദ്ധാത്മാവു പത്രൊസ് മുഖാ ന്തരം, യേശുവിന്റെ ജീവിതത്തെയാണ് അവതരിപ്പിച്ചത്. അവന്റെ അത്ഭുതപ്രവൃത്തികൾ, അടയാളങ്ങൾ, വീര്യ പ്രവൃത്തികൾ, ദൈവം തന്റെ പുത്രനെ സമ്മാനിച്ചത് എന്നിവ അതിൽ അടങ്ങിയിരുന്നു. അവൻ പറഞ്ഞതു ഈ സദസ്യർ, അധർമ്മികളെ ഉപയോഗിച്ചു ദൈവപുത്രനെ ക്രൂശിൽ തറെപ്പിച്ചു, എന്നാൽ ദൈവം അവനെ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേല്പിച്ചു. യേശു മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേറ്റ്, തിരിച്ചുവന്നു തെളിയിച്ചു. ഇസ്രായേൽ വിശ്വസിച്ചിരുന്ന സങ്കീർത്തന ങ്ങൾ എഴുതിയ ദൈവീകത്വമുള്ള ഉപദേഷ്ടാവും എഴുത്തുകാരനു

മായ ദാവീദിനെ ഉദ്ധരിച്ചുകൊണ്ട്, ആത്മാവു തെളിവ് നിരത്തുന്നു. ഉദ്ധരണിയിൽ നിന്നു വ്യക്തമാകുന്നതു, ദാവീദ് മറ്റാരുടെയോ ഉയിർത്തെഴുന്നേല്പിനെ കുറിച്ചായിരുന്നു പറഞ്ഞത്: അവൻ തന്റേതോ, അല്ലെങ്കിൽ മറ്റൊളുടേതോ ആയ ഭാഷയായിരുന്നു ഉപയോഗിച്ചത്. ആത്മാവു പറയുന്നതു, ദാവീദു മരിച്ചു, അടക്കപ്പെട്ടു, അവന്റെ കല്ലറ അന്നുവരെ അവരുടെ ഇടയിൽ ഉണ്ടായിരുന്നു. അതുകൊണ്ടു, അവൻ തന്നെക്കുറിച്ചു ആയിരുന്നില്ല പറഞ്ഞതെങ്കിൽ, പിന്നെ അവൻ അർത്ഥ മാക്കിയത് എന്തായിരുന്നു? ആത്മാവു പറഞ്ഞതു, ദാവീദ് പ്രവാചകൻ ആകയാൽ തന്നിൽ നിന്നുത്ഭവിക്കുന്ന പ്രജ ദാവീദിന്റെ സിംഹാസന ത്തിൽ ഇരിക്കും എന്നു പറഞ്ഞത്, അവൻ ദാവീദിന്റെ സിംഹാസന ത്തിൽ ഉയിർത്തെഴുന്നേറ്റ ക്രിസ്തു ഇരിക്കും എന്നതായിരുന്നു:

> യേശുവിനെ ദൈവം ഉയിർത്തെഴുന്നേല്പിച്ചു, അതിന്നു ഞങ്ങൾ എല്ലാവരും സാക്ഷികൾ ആകുന്നു. അവൻ ദൈവത്തിന്റെ വലത്തു ഭാഗത്തേക്കു ആരോഹണം ചെയ്തു പരിശുദ്ധാത്മാവു എന്ന വാഗ്ദത്തം പിതാവിനോടു വാങ്ങി. നിങ്ങൾ ഈ കാണുന്നതു കേൾക്കുകയും ചെയ്യുന്നതു പകർന്നു തന്നു. ... ദാവീദ് സ്വർഗ്ഗാരോ ഹണം ചെയ്തില്ലല്ലോ. എന്നാൽ അവൻ ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠം ആക്കുവോളം നീ എന്റെ വലത്തുഭാഗത്തിരിക്ക എന്നു കർത്താവു എന്റെ കർത്താവിനോടു അരുളിച്ചെയ്തു എന്നു പറയുന്നു. ആകയാൽ നിങ്ങൾ ക്രൂശിച്ച ഈ യേശുവിനെ തന്നെ ദൈവം കർത്താവും ക്രിസ്തുവുമാക്കിവെച്ചു എന്നു യിസ്രായേൽ ഗൃഹം ഒക്കെയും നിശ്ചയമായി അറിഞ്ഞുകൊള്ളട്ടെ (പ്രവൃത്തികൾ 2:32–36).

ആ ദൈവഭക്തരും സത്യസന്ധരുമായ ആളുകളുടെ ഹൃദയ ങ്ങൾക്കു ബോധ്യമാകുവാൻ അതു മതിയായിരുന്നു. ഈ സമയം, അവ രുടെ കൈകളിൽ അവർക്കു രക്തക്കറകൾ കാണുവാൻ കഴിഞ്ഞു, ദൈവത്തിന്റെ സ്വന്തം പുത്രനെ കൊന്നുവെന്നു അവരുടെ ഹൃദയങ്ങ ളിൽ തോന്നി. “ഇതു കേട്ടിട്ടു അവർ ഹൃദയത്തിൽ കുത്തുകൊണ്ടു, പത്രൊസിനോടും ശേഷം അപ്പൊസ്തലന്മാരോടും സഹോദരന്മാരായ പുരുഷന്മാരേ ഞങ്ങൾ എന്തു ചെയ്യേണ്ടൂ? എന്നു ചോദിച്ചു” (പ്രവൃ ത്തികൾ 2:37).

അവർക്കു ബോധ്യമായോ? ആർ അതിനെ സംശയിക്കും? ആ നില വിളിച്ചവർ അമ്പതു ദിവസം മുൻപു അവർ ക്രൂശിച്ച യേശുവിനെ, ദൈവപുത്രനെ, ദൈവം ക്രിസ്തുവാക്കിവെച്ചു എന്നു അവർ വിശ്വ സിച്ചോ? ദൈവം അതു തന്റെ അത്ഭുത പ്രവൃത്തികളാൽ സമ്മതിച്ചോ? അവർ ഇപ്പോൾ ചെയ്തതു ആത്മാവു ചെയ്യുവാൻ പറഞ്ഞതാണോ? അതായതു, ദൈവം അവനെ വാസ്തവത്തിൽ ക്രിസ്തുവും കർത്താ വുമാക്കിവെച്ചു എന്നു അവർ “തീർച്ചയായും മനസ്സിലാക്കിയോ?” സുവിശേഷത്തിന്റെ വലിയ വസ്തുത വാസ്തവത്തിൽ അവർ അറിഞ്ഞുവെങ്കിൽ, അറിയേണ്ടതിന് ആത്മാവ് പത്രൊസിൽ കൂടെ

പറഞ്ഞത് അറിഞ്ഞുവെങ്കിൽ – അതായത്, ''നിശ്ചയമായും,'' പൂർണ്ണവിശ്വാസത്തോടെയും, സംശയരഹിതമായി – പിന്നെ അവർക്ക് വിശ്വാസം ഉണ്ടാകാൻ എന്തിന്റെ കുറവാണ്? ഒരാൾ, സംശയരഹിത മായി, പൂർണ്ണവിശ്വാസത്തോടെ, യേശു ദൈവപുത്രൻ തന്നെ ആയി രുന്നു എന്നു വിശ്വസിക്കണം; അവന്റെ ശക്തമായ പ്രവർത്തനങ്ങൾ ദൈവം അവനെ അംഗീകരിക്കുന്നതായി തെളിയിക്കുന്നു; അതായതു അവൻ ക്രൂശിക്കപ്പെടുകയും, മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേറ്റു, ദൈവത്തിന്റെ വലത്തുഭാഗത്തേക്കു പോയി അവനെ “കർത്താവും ക്രിസ്തുവുമാക്കി” വെച്ചു. ഒരാൾ ഇതെല്ലാം പൂർണ്ണമായ വിശ്വാസ ത്തോടെ മനസ്സിലാക്കിയാൽ, പിന്നെ വിശ്വസിക്കുവാൻ അയാൾ എന്തു ചെയ്യണം? ഈ വലിയ വസ്തുതകൾ ആത്മവിശ്വാസത്തോടെ സ്വീക രിച്ചുകഴിയുമ്പോൾ, അയാളുടെ ഹൃദയത്തിൽ കുത്തുകൊണ്ടു, “ഞാൻ എന്തു ചെയ്യേണ്ടു എന്നു ചോദിക്കുകയില്ലേ?” പിന്നെ അയാളോടു വിശ്വസിക്കുവാൻ പറയേണ്ടതുണ്ടോ? ഇതിൽ കൂടുതൽ അയാൾ വിശ്വ സിക്കാൻ എന്താണ് ആവശ്യം, എങ്ങനെ പിന്നെ വിശ്വസിക്കും?

ഈ വിശ്വസിച്ച ആളുകൾ – യേശുവിനെ കുറിച്ചുള്ള സത്യം മന സ്സിലാക്കിയ ഇവർ, തീർച്ച ബോധ്യപ്പെട്ടവരോടു, പരിശുദ്ധാത്മാവു പറഞ്ഞു,

> നിങ്ങൾ മാനസാന്തരപ്പെട്ടു നിങ്ങളുടെ പാപങ്ങളുടെ മോചനത്തി നായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ; എന്നാൽ പരിശുദ്ധാത്മാവു എന്ന ദാനം ലഭിക്കും. വാഗ്ദത്തം നിങ്ങൾക്കും, നിങ്ങളുടെ മക്കൾക്കും നമ്മുടെ ദൈവമായ കർത്താവു വിളിച്ചു വരുത്തുന്ന ദൂരസ്ഥന്മാരായ ഏവർക്കും ഉള്ള തല്ലൊ എന്നു പറഞ്ഞു (പ്രവൃത്തികൾ 2:38, 39).

അടുത്തതായി, ദൈവിക രേഖ വെളിപ്പെടുത്തുന്നതു, “അവന്റെ വാക്ക് കൈക്കൊണ്ടവർ സ്നാനം ഏറ്റു: അന്നു മൂവായിരത്തോളം പേർ അവ രോടു ചേർന്നു ... കർത്താവു രക്ഷിക്കപ്പെടുന്നവരെ ദിനമ്പ്രതി സഭ യോടു ചേർത്തുകൊണ്ടിരുന്നു” (പ്രവൃത്തികൾ 2:41–47).

നാമധേയ വിഭാഗത്തിൽ നിന്നു സ്വതന്ത്രമായ “സഭാ കൂടിവര വിനെ” കുറിച്ചാണ് നാം അവലോകനം ചെയ്യുന്നത് എന്നോർമ്മിക്കുക. ലോകത്തെ രക്ഷിക്കുന്ന, പ്രവൃത്തിയുള്ള ഒരു സഭയെയാണ് തിരിച്ചറി യുന്നത്. നമ്മുടെ കർത്താവു അയച്ച പരിശുദ്ധാത്മാവാണ് ആ ഉപ ദേശം നല്കിയത്, അവൻ സംസാരിച്ചതു വിഭാഗരഹിതമായ സഭയിലെ അംഗമായ ഒരു പുരുഷനിൽക്കൂടെ, അഥവാ ക്രിസ്ത്യാനിയിൽകൂടെ യാണ്. ഈ ഉപദേശങ്ങൾ എല്ലാം നാമധേയ വിഭാഗത്തിന്റേതല്ലാത്ത, വിശുദ്ധവും, നിർമ്മലവുമായതായിരുന്നു. യേശുവിനെ “കർത്താവും ക്രിസ്തുവും” ആക്കിവെച്ചു എന്നു സംശയരഹിതമായി “അറിഞ്ഞു ഗ്രഹിക്കുവാൻ,” നാമധേയ വിഭാഗത്തിലല്ലാത്ത, ഉപദേഷ്ടാവു, നാമ ധേയ വിഭാഗരഹിത സഭാ കൂടിവരവിൽ പറയുന്നു. അതറിഞ്ഞവർ എല്ലാവരും അവരുടെ ഹൃദയത്തിൽ ബോധ്യപ്പെട്ടവരോടു, “നിങ്ങൾ

മാനസാന്തരപ്പെടുവിൻ" എന്നു പറഞ്ഞു. അങ്ങനെ, ആ നാമധേയ വിഭാഗരഹിതമായ കൂടിവരവിൽ, രക്ഷിക്കപ്പെടാത്തവരോടു സംശയരഹിതമായി, സുവിശേഷത്തിലെ മഹത്തായ വസ്തുതകൾ സ്വീകരിക്കുവാനും, പിന്നെ മാനസാന്തരപ്പെട്ടു, "യേശുക്രിസ്തുവിന്റെ നാമത്തിൽ പാപങ്ങളുടെ. ... മോചനത്തിനായി സ്നാനം ഏല്ക്കുവാനും" പറഞ്ഞു.

പത്രൊസ് അന്നു പ്രസംഗിച്ചതായ നാമധേയ രഹിതമായ ഉപദേശം, ഇന്നു ഒരാൾ പിൻപറ്റി പ്രസംഗിക്കുകയാണെങ്കിൽ അതിനെ, അപ്പോൾ താത്വികമായി എതിർക്കുവാൻ സാധ്യമല്ല. ഒരാൾ അങ്ങനെ പ്രസംഗിക്കുകയാണെങ്കിൽ, അയാളുടെ പ്രസംഗം ദൈവം അംഗീകരിച്ച പുത്രൻ ഉയിർത്തെഴുന്നേറ്റു കർത്താവും ക്രിസ്തുവും ആയി തീർന്നിരിക്കുന്നു എന്നാകണം. രക്ഷിക്കപ്പെടാത്തവരോടു അയാൾ വിശ്വസിക്കുവാനും അല്ലെങ്കിൽ സത്യം "നിശ്ചയമായി അറിയിക്കയും" വേണം. അങ്ങനെ ഈ സത്യം അറിഞ്ഞ എല്ലാവരോടും മാനസാന്തരപ്പെട്ടു യേശുക്രിസ്തുവിന്റെ നാമത്തിൽ പാപമോചനത്തിനായി സ്നാനം ഏല്ക്കുവാനും പറയണം.

അതുപോലെ, യേശു കർത്താവും ക്രിസ്തുവുമാണെന്നു "നിശ്ചയമായി" അറിഞ്ഞവർ ഹൃദയത്തിൽ കുത്തുകൊണ്ടു, മാനസാന്തരപ്പെടുകയും തങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി സ്നാനം ഏല്ക്കയും ചെയ്തവർ, രക്ഷിക്കപ്പെടുന്നു. അയാൾ അങ്ങനെ കർത്താവിന്റെ ശിഷ്യൻ, വെറുമൊരു ക്രിസ്ത്യാനിയാവുകയും, കർത്താവു അവനെ സഭയോടു ചേർക്കുകയും ചെയ്യുന്നു. ദൈവത്താൽ അംഗീകരിച്ചതായ ദൈവപ്രവൃത്തികൾ ആത്മാവിനാൽ രേഖപ്പെടുത്തി നമ്മുടെ ബുദ്ധി ഉപദേശത്തിനായി ആത്മാവു – നിർദ്ദേശിച്ചിരിക്കുന്നതു വിഭാഗരഹിത സഭാ പ്രവർത്തനമാണ്. അതു അങ്ങനെയല്ല ചെയ്യുന്നതെങ്കിൽ, ബൈബിൾ നമുക്കു ഒരു വിലയുമില്ലാതാക്കുന്നു.

© 2009 Truth for Today